# ഇൻസ്ട്രക്ടർമാരിൽ ഭൂരിഭാഗവും ആദിവാസികൾ

<u>അട്ടപ്പാടി സാക്ഷരത-തുല്യതാ പദ്ധതിക്ക് മികച്ച മുന്നേറ്റം; അടുത്തമാസം പരീക്ഷ</u>

സംസ്ഥാന സാക്ഷരതാമിഷൻ അട്ടപ്പാടിയിൽ നടത്തിവരുന്ന പ്രത്യേക സാക്ഷരത- തുല്യതാ പദ്ധതിയുടെ രണ്ടാംഘട്ടത്തിന് മികച്ച പ്രതികരണം. 192 ഊരുകളിലായി നടന്നുവരുന്ന സാക്ഷരത-തുല്യതാ ക്ലാസുകളിൽ പഠിച്ചുവരുന്നത് മൊത്തം 7922 പഠിതാക്കൾ. 129 ഊരുകളിൽ സാക്ഷരതയും 63 ഊരുകളിൽ നാലാംതരും തുല്യതാ ക്ലാസുകളുമാണ് നടക്കുന്നത്. ഇവർക്കുള്ള പരീക്ഷ 2018 മെയ് മാസത്തിൽ നടക്കും. അഗളി, ഷോളയൂർ, പുതൂർ ഗ്രാമപഞ്ചായത്തുകളിലെ 46 വാർഡുകളിലായി കഴിഞ്ഞ ഡിസംബറിലാണ് പദ്ധതി ആരംഭിച്ചത്. അഗളിയിൽ 19 വാർഡുകളിലും ഷോളയൂർ ഗ്രാമപഞ്ചായത്തിൽ 14 വാർഡുകളിലും പുതൂരിൽ 13 വാർഡുകളിലുമാണ് പദ്ധതി നടന്നുവരുന്നത്. അഗളി- 72, ഷോളയൂർ- 53, പുതൂർ- 68 എന്നിങ്ങനെയാണ് പദ്ധതി നടപ്പിലാക്കിവരുന്ന ഊരുകളുടെ എണ്ണം.

അട്ടപ്പാടിയിൽ നടപ്പിലാക്കിവരുന്ന പ്രത്യേക സാക്ഷരതാപരിപാടിയുടെ ഭാഗമായി മൊത്തം 275 ഇൻസ്ട്രക്ടർമാരെയാണ് നിയോഗിച്ചിരിക്കുന്നത്. ഇതിൽ 218 ഇൻസ്ട്രക്ടർമാർ ആദിവാസികളാണ്. വ്യത്യസ്ത ഗോത്രഭാഷകൾ സംസാരിക്കുന്ന ആദിവാസികൾക്കിടയിൽ നിന്നു തന്നെ ഇൻസ്ട്രക്ടർമാരെ നിയോഗിച്ചതാണ് പദ്ധതിയെ ഫലപ്രദമാക്കുന്നത്. ഇൻസ്ട്രക്ടർമാരിൽ ഭൂരിഭാഗവും സ്ത്രീകളാണ്. ഓരോ ക്ലാസിലും 15 മുതൽ 25 വരെയാണ് പഠിതാക്കളുടെ എണ്ണം. എല്ലാ ദിവസവും വൈകുന്നേരങ്ങളിലാണ് ക്ലാസ്. സാക്ഷരതാമിഷൻ പുതുതായി തയ്യാറാക്കിയ സാക്ഷരതാപാഠാവലിയിലാണ് ക്ലാസ്. കുടുംബശ്രീയുടെ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി പ്രകാരം പഠിതാക്കൾക്ക് സൗജന്യ ഭക്ഷണവും നൽകിവരുന്നു.

പദ്ധതി പ്രവർത്തനം വിലയിരുത്തുന്നതിന്റെ ഭാഗമായി വിവിധ ഊരുകളിലെ 15 പഠനകേന്ദ്രങ്ങളിൽ സാക്ഷരതാമിഷൻ ഡയറക്ടർ ഡോ.പി.എസ്.ശ്രീകല സന്ദർശിച്ചു. പഠിതാക്കളുമായി സംവദിച്ചു. ജനപ്രതിനിധികളും ഊര് മൂപ്പന്മാരും പ്രേർകമാർ, എസ്.ടി പ്രമോട്ടർമാർ, അങ്കണവാടി, ആശ പ്രവർത്തകരും ഒപ്പമുണ്ടായിരുന്നു.

അക്ഷരങ്ങളും അക്കങ്ങളോടൊപ്പം തന്നെ സാമൂഹ്യസാക്ഷരതക്കും ഊന്നൽ നൽകി മൂന്ന് ആദിവാസി സാക്ഷരത-തുല്യതാ പദ്ധതികളാണ് സാക്ഷരതാമിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് നടന്നുവരുന്നത്. അട്ടപ്പാടിയിലെ പ്രത്യേക സാക്ഷരത-തുല്യത പദ്ധതി, വയനാട് ആദിവാസി സാക്ഷരത പദ്ധതി, സമഗ്ര ആദിവാസി സാക്ഷരത-തുല്യത പദ്ധതി. ഇവക്കെല്ലാം കൂടി 610 ആദിവാസി ഇൻസ്ട്രക്ടർമാരെയാണ് നിയോഗിച്ചിരിക്കുന്നത്. ആദിവാസി മേഖലകളിലെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് ആരംഭിച്ച 'സമഗ്ര' ആദിവാസി സാക്ഷരതാപദ്ധതിക്കായി സംസ്ഥാനത്ത് തെരഞ്ഞെടുത്ത 100 ആദിവാസി ഊരുകളിലും ഇൻസ്ട്രക്ടർമാർ പൂർണമായും ആദിവാസികൾ തന്നെയാണ്. വയനാട് ജില്ലയിൽ 283 ആദിവാസി ഊരുകളിൽ നടപ്പിലാക്കിവരുന്ന പ്രത്യേക സാക്ഷരതാപരിപാടിയിൽ ഓരോ ഊരിലും രണ്ട് ഇൻസ്ട്രക്ടർമാരെ വീതമാണ് തിരഞ്ഞെടുത്തത്. ഇതിൽ ഒരാൾ ആദിവാസി വിഭാഗത്തിൽ നിന്നു തന്നെയാകണമെന്ന് സാക്ഷരതാമിഷൻ നിഷ്കർഷിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 283 ആദിവാസികളെയാണ് ഇൻസ്ട്രക്ടർമാരായി നിയോഗിച്ചിരിക്കുന്നത്.

അട്ടപ്പാടിയിലെ മൊത്തം ആദിവാസികളുടെ എണ്ണം 32956 ആണ്. മൊത്തം ജനസംഖ്യയുടെ 44 ശതമാനം. ഇരുളർ, മുദുഗർ,കുറുമ്പർ എന്നിങ്ങനെ മൂന്ന് ആദിവാസി വിഭാഗങ്ങളാണ് അട്ടപ്പാടി ബ്ലോക്കിൽ ഉള്ളത്. അട്ടപ്പാടി ബ്ലോക്കിലെ ഈ മൂന്നു ഗ്രാമപഞ്ചായത്തുകളിലായി മൊത്തം 192 ഊരുകളിലായി വ്യാപിച്ചു കിടക്കുന്ന ആദിവാസി ജനവിഭാഗങ്ങളിൽ ഏറ്റവും കൂടുതൽ ഇരുളർ സമുദായത്തിൽ പെട്ടവരാണ്. 26908 പേർ. ഇതിൽ 13747 പേർ സ്ത്രീകളാണ്. 149 ഊരുകളിലാണ് ഈ വിഭാഗത്തിന്റെ സാന്നിധ്യമുള്ളത്. 24 ഊരുകളിൽ പ്രാതിനിധ്യമുള്ള മുദുഗർ വിഭാഗമാണ് രണ്ടാമത്. 3497 ആണ് ഈ വിഭാഗത്തിലെ ജനസംഖ്യ. ഏറ്റവും പ്രാക്തനമായ കുറുമ്പർ വിഭാഗം19 ഊരുകൾ കേന്ദ്രീകരിച്ചാണ് അധിവസിക്കുന്നത്. 2551 പേർ ഈ വിഭാഗത്തിലുള്ളവരാണ്.